# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5903** **04.11.2016 ൽ മറുപടിക്ക്**

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം**

| ചോദ്യം<br>ശ്രീ.കെ.ബാബു | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് 26.02.2016 ലെ സ.ഉ.(സാധാ)നം.658/2016/ ആഭ്യന്തരം പ്രകാരം 3.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ആയത് ഉടൻ ടെണ്ടർ ചെയ്യുന്നതാണ്. |
| (ബി) പ്രസ്തുത ഫയർ സ്റ്റേഷൻ കെട്ടിടം പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

Amaden

**സെക്ഷൻ ഓഫീസർ**